(ബി) എങ്കിൽ പ്രസ്തുത നടപടികൾക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങളും, നടപടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള പഞ്ചായത്ത് രാജ് നിയമം 10-ാം വകുപ്പ് പ്രകാരം പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്തുന്നതിനുള്ള ചുമതല സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. പുതിയ ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനർനിർണ്ണയം

271 (1593) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർ നിർണ്ണയം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ ;

(ബി) തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന വേളയിൽ ധൃതിപിടിച്ചുള്ള അതിർത്തി പുനർനിർണ്ണയം വിജയകരമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 4-ാം വകുപ്പ് പ്രകാരം പഞ്ചായത്തുകൾ വിഭജിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള അധികാരം സർക്കാരിനാണ്. പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ ലഭിച്ചിട്ടില്ല.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലാണ് അതിർത്തി പുനർനിർണ്ണയം തെരെഞ്ഞെടുപ്പിന് മുന്നോടിയായി നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly